

## വിശ്വമഹാഗ്രന്ഥങ്ങൾ 3

ഒരു സംഘം ലേഖകർ

പൗരസ്ത്യവും പാശ്ചാത്യവുമായ ക്ലാസ്സിക് കൃതികളെ ലളിതവും സുവ്യക്തവുമായ ശൈലിയിൽ പരിചയപ്പെടുത്തി വായനക്കാരിൽ വിശ്വസാഹിത്യപരിജ്ഞാനം വർധിപ്പിക്കാൻ ഉതകുന്ന ഗ്രന്ഥപരമ്പരയുടെ മൂന്നാം ഭാഗം.

സിൽ: 4600 ISBN 978-81-200-4600-9
വില : ₹250

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം
സാംസ്കാരികവകുപ്പ്

3

വിശ്വമഹാഗ്രന്ഥങ്ങൾ

3



# വിശ്വമഹാ ഗ്രന്ഥങ്ങൾ

2053
260

**COLLEGE OF AVIAN SCIENCES & MANAGEMENT**
**KVASU CAMPUS, THIRUVAZHAMKUNNU**

**Acc. No.** 2053 **Call No.**........................

**This book should be returned on or before the date last given below.**

*Malayalam*
**VISWAMAHAGRANDHANGAL**
**(World Classics - Vol. III)**
*by*
**A Group of Authors**

First Published : April 1978
Second Edition : March 1983
Third Edition : January 1989
Fourth Edition : June 1992
Fifth Edition : January 1999
Sixth Edition : June 2019

*Typeset at*
Beyond Publishers, Law College Jn.,
Thiruvananthapuram - 35

*Printed at*
Vijnanamudranam Press
Nalanda, Thiruvananthapuram - 695 003

*Published by*
The State Institute of Languages, Kerala,
Thiruvananthapuram - 695 003

© The State Institute of Languages, Kerala 1978

Copies : 500

SIL/ 4600 ISBN 978-81-200-4600-9

Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in Regional Languages, at the University level of the Government of India, Ministry of Human Resource Development , New Delhi.

**Price : Rs. 250/-**

# വിശ്വമഹാഗ്രന്ഥങ്ങൾ

## മൂന്നാം ഭാഗം

(ആറാം പതിപ്പ്)

**ഒരു സംഘം ലേഖകർ**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
തിരുവനന്തപുരം

| | | |
|---|---|---|
| ജനറൽ എഡിറ്റർ | : | പ്രൊഫ. വി. കാർത്തികേയൻ നായർ |
| എഡിറ്റർ | : | ശ്രീകല ചിങ്ങോലി |
| കവർ | : | ബിയോണ്ട് പബ്ലിഷേഴ്സ് |

| | | |
|---|---|---|
| General Editor | : | Prof. V. Karthikeyan Nair |
| Editor | : | Sreekala Chingoli |
| Cover | : | Beyond publishers |


# ആമുഖം

സാഹിത്യ വിദ്യാർഥികൾക്കും സഹൃദയരായ സാഹിത്യാസ്വാദകർക്കും ലോകത്തരങ്ങളായ വിശ്വസാഹിത്യത്തിലെ വിവിധഭാഷകളിൽ രചിക്കപ്പെട്ട ക്ലാസിക് കൃതികളെ പരിചയപ്പെടുത്തുന്ന പുസ്തകപരമ്പരയാണ് 'വിശ്വമഹാഗ്രന്ഥങ്ങൾ'. സുദീർഘങ്ങളായ സാഹിത്യകൃതികളുടെ സാരസംഗ്രഹപഠനങ്ങളിലൂടെ അവ ഓരോന്നിന്റെയും തനിമ ചോരാതെ തന്നെ ആസ്വാദകന് അവയെല്ലാം ഹൃദിസ്ഥമാക്കാം. ഇതിൽ നാടകങ്ങൾ, നോവലുകൾ, കവിതകൾ സംസ്കൃതത്തിലെ മഹദ്ഗ്രന്ഥങ്ങൾ, ഇതിഹാസങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുന്നു. ഇത്തരം കൃതികളെ കുറിച്ചുള്ള സമഗ്രപഠനങ്ങൾ ഇതുവരെയും മലയാളത്തിൽ ഉണ്ടായിട്ടില്ലെന്നു തന്നെ പറയാം.

സമ്പൂർണമെന്ന് അവകാശപ്പെടാനാവില്ലെങ്കിലും നാം കേട്ടു പരിചയിച്ച മഹദ്കൃതികളെല്ലാം തന്നെ ഈ പരമ്പരയിൽ ഇടംപിടിച്ചിട്ടുണ്ട്. അനുവാചകന് താൻ വായിച്ചാസ്വദിക്കാൻ ആഗ്രഹിച്ചിരുന്ന കൃതികളുടെ പഠനവും സംഗ്രഹവും ഇതിലൂടെ സാധ്യമാകുന്നു.

പ്രതിഭാശാലികളായ സാഹിത്യനായകന്മാരാണ് ഈ സംരംഭത്തിലേക്ക് തങ്ങളുടെ ഉദാത്തരചനകൾ നൽകി ഈ ഉദ്യമത്തെ പ്രചോദിപ്പിച്ചത്. വിശ്വസാഹിത്യകൃതികളെ പരിചയപ്പെടുത്തുക എന്ന ഈ പ്രക്രിയയിലെ മൂന്നാംഭാഗത്തിന്റെ അഞ്ചാമത്തെ പതിപ്പാണിത്. മാന്യ വായനക്കാരിൽ നിന്ന് നല്ല സ്വീകരണം പ്രതീക്ഷിക്കുന്നു. വിശ്വമഹാഗ്രന്ഥങ്ങളുടെ മൂന്നാം ഭാഗവും സ്നേഹപൂർവം പുനഃപ്രകാശനം നടത്തുകയാണ്.

നാളന്ദ,
2019 ജൂൺ

പ്രൊഫ. വി. കാർത്തികേയൻ നായർ
ശ്രീകല ചിങ്ങോലി

# ഒന്നാം പതിപ്പിന്റെ ആമുഖം

വിശ്വസാഹിത്യത്തിലെ എണ്ണപ്പെട്ട സാഹിത്യകൃതികളെയും അവയുടെ കർത്താക്കളെയും കേരളീയർക്കു പരിചയപ്പെടുത്തിക്കൊടുക്കുക എന്ന ഉദ്ദേശ്യത്തോടെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്തിട്ടുള്ള ഒരു പദ്ധതിയുടെ ഭാഗമാണ് ഈ പുസ്തകം. നാലു വാള്യങ്ങളായി പ്രസിദ്ധീകരിക്കുന്ന വിശ്വമഹാഗ്രന്ഥങ്ങളുടെ മൂന്നാം വാള്യമാണിത്. ഏറ്റവും ആധുനികമായ കൃതികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നാലാം വാള്യം വളരെ വൈകാതെ പ്രസിദ്ധപ്പെടുത്തുന്നതാണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദവും ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർധവും ഉൾപ്പെടുന്ന കാലയളവിൽ പ്രസിദ്ധീകരിക്കപ്പെട്ട കൃതികളാണ് പ്രധാനമായും ഈ വാള്യം ഉൾക്കൊള്ളുന്നത്. ഇതുതന്നെ പൂർണമാണെന്നു ഞങ്ങൾ കരുതുന്നില്ല. ഈ കാലയളവിൽ പ്രസിദ്ധീകൃതമായിട്ടുള്ള പല പ്രധാനപ്പെട്ട കൃതികളും ഇതിൽ ചേർക്കാൻ കഴിഞ്ഞിട്ടില്ല. യഥാസമയം എഴുതിക്കിട്ടാനുള്ള വൈഷമ്യമാണ് ഒരു പ്രധാന കാരണം. അടുത്ത വാള്യത്തിൽ ആ കുറവു പരിഹരിക്കാമെന്നു കരുതുന്നു.

വിശ്വസാഹിത്യത്തിലെ പ്രമുഖകൃതികളെ പരിചയപ്പെടുത്തുമ്പോൾ മലയാളത്തിലെ ഒരു കൃതി കൂടി ഉൾപ്പെടുത്തുന്നത് അനുചിതമായിരിക്കില്ല എന്ന വിശ്വാസത്തോടെയാണ് ചന്തുമേനോന്റെ ഇന്ദുലേഖ യുടെ ഒരു ലഘുപഠനം കൂടി ഇതിൽ ചേർത്തിട്ടുള്ളത്. വിശ്വസാഹിത്യത്തിൽ നിർണായക സ്വാധീനം ചെലുത്തിയ ഒരു കൃതി എന്ന നിലയിലല്ല, മലയാള നോവൽ ചരിത്രത്തിലെ ഒരു നാഴികക്കല്ല് എന്ന നിലയിലാണ് ഇന്ദുലേഖ ഉൾപ്പെടുത്തിയത്. മലയാളം ഐച്ഛികമായി എടുത്ത് ബിരുദതലത്തിലും ബിരുദാനന്തരതലത്തിലും പഠിക്കുന്ന വിദ്യാർഥികൾ അവശ്യം പരിഗണിക്കേണ്ട ഒരു കൃതിയുമാണിത്.

ഈ പുസ്തകത്തിലേക്കുള്ള ലേഖനങ്ങൾ സംഭാവന ചെയ്തവരോടുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. തുടർന്നും അവരിൽ നിന്ന് സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
**1978 ഏപ്രിൽ**

**ഡോ.എ.എൻ.പി. ഉമ്മർകുട്ടി**
**പുനലൂർ ബാലൻ**

# ഉള്ളടക്കം


1. പീയറും ഷാനും
   - *എൻ.കെ. ദാമോദരൻ* 1
2. ഡുബർവിൽസിലെ ടെസ്
   - *ശ്രീനി* 14
3. നാടകങ്ങൾ
   - *എം. പരമേശ്വരൻ* 33
4. ഗീതാഞ്ജലി
   - *എം. പരമേശ്വരൻ* 44
5. ജീൻ ക്രിസ്റ്റഫ്
   - *ഡോ. എസ്.കെ. വസന്തൻ* 54
6. ടൈം മെഷീൻ
   - *വിളക്കുടി രാജേന്ദ്രൻ* 139
7. ആനന്ദമഠം
   - *ഡോ. വി.എസ്. ശർമ* 150
8. ബുഡൻബ്രൂക്സ്
   - *എൻ.കെ. ദാമോദരൻ* 162
9. ശ്രീകാന്ത്
   - *രവിവർമ* 171
10. നല്ലഭൂമി
    - *വിളക്കുടി രാജേന്ദ്രൻ* 199
11. അതു മരിക്കുന്നുവെങ്കിൽ
    - *എൻ.കെ. ദാമോദരൻ* 233
12. ഗോദാൻ
    - *പി. മാധവൻ പിള്ള* 245

| | | |
|---|---|---|
| 13. | ഫോർസൈറ്റ് സാഗാ<br>- *എം. പരമേശ്വരൻ* | 262 |
| 14. | നാന<br>- *എസ്.സി. ബോസ്* | 275 |
| 15. | ക്രോധത്തിന്റ മുന്തിരിപ്പഴങ്ങൾ<br>- *ഡോ. എസ്.കെ. വസന്തൻ* | 291 |
| 16. | കിഴവനും കടലും<br>- *ഡോ. കെ.എ. വാസുക്കുട്ടൻ* | 312 |
| 17. | ആരോഗ്യനികേതനം<br>- *ഡോ. കെ.എ. വാസുക്കുട്ടൻ* | 325 |
| 18. | പുത്രന്മാരും കാമുകരും<br>- *കെ. രാമചന്ദ്രൻ* | 346 |
| 19. | നാടകങ്ങൾ<br>- *എ.പി.പി. നമ്പൂതിരി* | 371 |
| 20. | മനുഷ്യനും അതിമാനുഷനും<br>- *പി.കെ. രാജൻ* | 382 |
| 21. | അമ്മ<br>- *ഡോ. ആർ. നരേന്ദ്രപ്രസാദ്* | 394 |
| 22. | ഡോൺ ശാന്തമായൊഴുകുന്നു<br>- *പട്ടം ജി. രാമചന്ദ്രൻ നായർ* | 415 |
| 23. | ഇന്ദുലേഖ<br>- *ഡോ. എസ്.കെ. വസന്തൻ* | 443 |


# 1

## ഗൈദെ മോപ്പസാങ്

# പീയറും ഷാനും

**എൻ.കെ.ദാമോദരൻ**

### ഗൈദെ മോപ്പസാങ് (1850–1893)

വിശ്വവിഖ്യാതരായ കഥാകൃത്തുക്കളിൽ പ്രമുഖസ്ഥാനാർഹനാണ് ഫ്രഞ്ച് സാഹിത്യകാരനായ ഗൈദെ മോപ്പസാങ്. ഇതിവൃത്തത്തിന്റെ വൈവിധ്യം, പാത്രചിത്രീകരണത്തിന്റെ വൈശിഷ്ട്യം, പ്രതിപാദനത്തിന്റെ ശീഘ്രത, ശൈലിയുടെ വൈശദ്യം എന്നിവ അദ്ദേഹത്തിന്റെ കഥകളുടെ മുഖമുദ്രകളാണ്. പ്രസ്തുത കഥകൾ ജീവിതത്തെ ഒരു കണ്ണാടിയിലെന്നവണ്ണം പ്രതിഫലിപ്പിക്കയും മനുഷ്യഭാഗധേയങ്ങളെ ഭാഗികമായി അനാവരണം ചെയ്യുകയും ചെയ്യുന്നു.

മോപ്പസാങ്ങിന് കലാസൃഷ്ടിയെപ്പറ്റി വ്യക്തവും ദൃഢവുമായ വിശ്വാസപ്രമാണങ്ങൾ ഉണ്ടായിരുന്നു. മനഃശാസ്ത്രത്തിന്റെ ആഴങ്ങളിൽ ഊളിയിടാൻ വെമ്പുന്ന ആധുനിക സാഹിത്യകാരന്മാരിൽ നിന്നും വ്യത്യസ്തമായി, ഇന്ദ്രിയഗോചരമായ അനുഭൂതികളുടെ ചിത്രീകരണത്തിൽ സാഹിത്യകാരൻ ഒതുങ്ങി നിൽക്കേണ്ടതാണെന്ന് അദ്ദേഹം വിശ്വസിച്ചു. കഥാപാത്രങ്ങളുടെ ബാഹ്യാകാരവും വാക്കും പ്രവൃത്തിയുമാണ് അദ്ദേഹം വർണിക്കുക. അവരുടെ വിചാരങ്ങളും സംവേദനങ്ങളും അത്യാവശ്യമാണെന്നു തോന്നുന്നിടത്തുമാത്രമേ വർണിക്കാറുള്ളൂ. മനഃശാസ്ത്രപരമായ ശസ്ത്രക്രിയക്ക് അദ്ദേഹം ഒരിക്കലും ഒരുമ്പെടാറില്ല. ജീവിതനിരീക്ഷണപ്രവണമായ ഈ സങ്കേതം വസ്തുനിഷ്ഠ റിയലിസം എന്നറിയപ്പെടുന്നു. അതിന് അനുയോജ്യമാംവണ്ണം അദ്ദേഹം താൻ കാണുന്നതുപോലെ ജീവിതത്തെയും മനുഷ്യരെയും ചിത്രീകരിക്കണമെന്ന്